**മധുരമായ കുട്ടികളേ– എല്ലാവർക്കും ആദ്യമേ അല്ലാഹുവിന്റെ പാഠം പക്കയാക്കിക്കൊടുക്കൂ, താങ്കൾ ആത്മാക്കൾ പരസ്പരം സഹോദരന്മാരാണ്.**

**ചോദ്യം–** ഏതൊരു കാര്യത്തിലാണ് ശ്രീമതം മനുഷ്യമതത്തിന് തികച്ചും വിപരീതമായിട്ടുള്ളത്?
**ഉത്തരം–** മനുഷ്യമതം പറയുന്നു നമ്മൾ മോക്ഷത്തിലേയ്ക്ക് പോകുമെന്ന്. ശ്രീമതം പറയുന്നു ഈ ഡ്രാമ അനാദിയും അവിനാശിയുമാണെന്ന്. മോക്ഷം ആർക്കെങ്കിലും ലഭിക്കുക സാധ്യമല്ല. ഈ പാർട്ട് അഭിനയിക്കുന്നത് എനിക്ക് ഇഷ്ടമല്ല എന്ന് ആരെങ്കിലും പറഞ്ഞാലും ശരി, പക്ഷേ ഇതിൽ ഒന്നും ചെയ്യാൻ സാധിക്കില്ല. പാർട്ട് അഭിനയിക്കാൻ വരുകതന്നെ വേണം. ശ്രീമതം തന്നെയാണ് നിങ്ങളെ ശ്രേഷ്ഠമാക്കി മാറ്റുന്നത്. മനുഷ്യമതം അനേക പ്രകാരങ്ങളിലുണ്ട്.

**ഓംശാന്തി.** ഇപ്പോൾ കുട്ടികൾക്ക് അറിയാം നമ്മൾ ബാബയുടെ അടുത്താണ് ഇരിക്കുന്നത്. ബാബയ്ക്കും അറിയാം കുട്ടികൾ എന്റെ അടുത്ത് ഇരിക്കുകയാണ്. ഇതും കുട്ടികൾക്ക് അറിയാം ബാബ നമുക്ക് ശിക്ഷണം നൽകുകയാണ് ഇത് പിന്നീട് നമ്മൾ മറ്റുള്ളവർക്ക് നൽകണം. ആദ്യമാദ്യം ബാബയുടെ പരിചയം തന്നെ നൽകണം എന്തുകൊണ്ടെന്നാൽ എല്ലാവരും ബാബയേയും ബാബയുടെ ജ്ഞാനത്തേയും മറന്നിരിക്കുകയാണ്. ഇപ്പോൾ ബാബ എന്താണോ പഠിപ്പിക്കുന്നത് അത് ഇനി 5000 വർഷങ്ങൾക്ക് ശേഷമേ ലഭിക്കൂ. ഈ ജ്ഞാനം മറ്റാരിലും ഇല്ല. മുഖ്യമായത് ബാബയുടെ പരിചയമാണ് പിന്നീട് ഇതെല്ലാം മനസ്സിലാക്കിക്കൊടുക്കണം. നമ്മൾ എല്ലാവരും പരസ്പരം സഹോദരങ്ങളാണ്. മുഴുവൻ ലോകത്തിലും എത്ര ആത്മാക്കളുണ്ടോ, അവർ എല്ലാവരും പരസ്പരം സഹോദരങ്ങളാണ്. എല്ലാവരും തനിക്ക് ലഭിച്ചിരിക്കുന്ന പാർട്ട് ഈ ശരീരത്തിലൂടെ അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് പുതിയ ലോകത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനായി, അതിനെയാണ് സ്വർഗ്ഗം എന്നു പറയുന്നത്. പക്ഷേ ഇപ്പോൾ നമ്മൾ എല്ലാ സഹോദരങ്ങളും പതിതമാണ്, പാവനമായി ഒരാൾപോലുമില്ല. സർവ്വ പതിതരേയും പാവനമാക്കി മാറ്റുന്നയാൾ ഒരേയൊരു ബാബയാണ്. ഇത് പതിതവും വികാരിയുമായ രാവണ ലോകമാണ്. രാവണന്റെ അർത്ഥം തന്നെ ഇതാണ്– 5 വികാരം സ്ത്രീയിലും, 5 വികാരം പുരുഷനിലും. ബാബ വളരെ സഹജമായ രീതിയിൽ മനസ്സിലാക്കിത്തരികയാണ്. നിങ്ങൾക്കും ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. അതിനാൽ ആദ്യമാദ്യം ഈ കാര്യം മനസ്സിലാക്കിക്കൊടുക്കു അതായത് നമ്മൾ ആത്മാക്കളുടെ അച്ഛനാണ് ബാബ, നാം എല്ലാവരും സഹോദരങ്ങളാണ്. ചോദിക്കൂ ഇത് ശരിയാണോ? എഴുതൂ നമ്മൾ എല്ലാവരും സഹോദരങ്ങളാണെന്ന്. നമ്മുടെ അച്ഛനും ഒരാളാണ്. നമ്മൾ എല്ലാ ആത്മാക്കളുടേയും പരമമായ ആത്മാവാണ് ബാബ. ബാബയെ അച്ഛൻ എന്നാണ് വിളിക്കുന്നത്. ഇത് പക്കയായി ബുദ്ധിയിൽ ഉറപ്പിക്കൂ എങ്കിൽ സർവ്വവ്യാപി മുതലായ അഴുക്കുകൾ ഇളകിപ്പോകും. അല്ലാഹുവിനെക്കുറിച്ച് ആദ്യം പഠിപ്പിക്കണം. പറയൂ, ആദ്യം നല്ലരീതിയിൽ ഇരുന്ന് ഈ കാര്യം എഴുതൂ– മുമ്പ് സർവ്വവ്യാപിയാണ് എന്ന് പറയുമായിരുന്നു, സർവ്വവ്യാപിയല്ല എന്നത് ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്. നമ്മൾ എല്ലാവരും സഹോദരങ്ങളാണ്. അല്ലയോ ഗോഡ് ഫാദർ, പരമപിതാ പരമാത്മാ, അല്ലാഹു എന്ന് എല്ലാ ആത്മാക്കളും വിളിക്കുന്നു. നമ്മൾ ആത്മാക്കളാണ് അല്ലാതെ പരമാത്മാവല്ല എന്ന നിശ്ചയം ആദ്യമേ എല്ലാവരിലും ഇരുത്തണം. എന്നിൽ പരമാത്മാവ് വ്യാപിച്ചിട്ടും ഇല്ല. എല്ലാവരിലും ആത്മാവാണ് വ്യാപിച്ചിരിക്കുന്നത്. ആത്മാവ് ശരീരത്തിന്റെ ആധാരത്തിലാണ് പാർട്ട് അഭിനയിക്കുന്നത്. ഇത് ഉറപ്പിക്കൂ. ശരി, പിന്നെ ആ അച്ഛൻ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നു. ബാബ തന്നെയാണ് ടീച്ചറിന്റെ രൂപത്തിൽ ഇരുന്ന് പഠിപ്പിക്കുന്നത്. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യമില്ല. ഈ ചക്രം അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്. തുല്യമാകുന്നത് എങ്ങനെയാണ് എന്നത് അറിയണം. സത്യയുഗവും ത്രേതയും കഴിഞ്ഞുപോയി, കുറിച്ചുവെയ്ക്കൂ. അതിനെയാണ് സ്വർഗ്ഗം എന്നും സെമി സ്വർഗ്ഗം എന്നും പറയുന്നത്. അവിടെ ദേവീ ദേവതകളുടെ രാജ്യം നടന്നുവന്നു. സത്യയുഗത്തിൽ 16 കലാ സമ്പൂർണ്ണരാണ്, ത്രേതായുഗത്തിൽ 14 കലയുള്ളവരും. സത്യയുഗത്തിന്റെ പ്രഭാവം വളരെ വലുതാണ്. പേരുതന്നെ സ്വർഗ്ഗം, ഹെവൻ എന്നാണ്. പുതിയ ലോകം എന്ന് സത്യയുഗത്തെയാണ് പറയുന്നത്. അതിന്റെ തന്നെ മഹിമ ചെയ്യണം. പുതിയ ലോകത്തിൽ ഒരേയൊരു ആദി സനാതന ദേവീദേവതാ ധർമ്മം മാത്രമേ ഉണ്ടായിരുന്നുള്ളു. നിശ്ചയത്തിനായി നിങ്ങളുടെ പക്കൽ ചിത്രങ്ങളുമുണ്ട്. ഈ സൃഷ്ടിയുടെ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ഈ കല്പത്തിന്റെ ആയുസ്സ് തന്നെ 5000 വർഷമാണ്. ഇപ്പോൾ സൂര്യവംശിയും ചന്ദ്രവംശിയും ബുദ്ധിയിൽ ഇരുന്നു കഴിഞ്ഞു. വിഷ്ണുപുരി തന്നെയാണ് മാറി രാമസീതാ പുരിയായി മാറുന്നത്. അവരുടേയും പരമ്പരകൾ ഉണ്ടാകുമല്ലോ. രണ്ട് യുഗങ്ങൾ കഴിഞ്ഞുപോയി പിന്നീട് വരുന്നു ദ്വാപരയുഗം. രാവണന്റെ രാജ്യം. ദേവതകൾ വാമമാർഗ്ഗത്തിലേയ്ക്ക് പോകുമ്പോഴാണ് വികാരത്തിന്റെ രീതി ഉണ്ടാകുന്നത്.

സത്യത്രേതായുഗങ്ങളിൽ എല്ലാവരും നിർവ്വികാരിയായാണ് ഇരിക്കുന്നത്. ഒരേയൊരു ആദി സനാതന ദേവീദേവതാ ധർമ്മം മാത്രമാണ് ഉണ്ടാവുക. ചിത്രവും കാണിച്ചുകൊടുക്കണം, വാക്കുകളാലും മനസ്സിലാക്കി കൊടുക്കണം. ബാബ ടീച്ചറായി മാറി നമ്മെ ഇങ്ങനെയാണ് പഠിപ്പിക്കുന്നത്. ബാബ തന്റെ പരിചയം സ്വയം വന്ന് നൽകുന്നു. സ്വയം പറയുന്നു ഞാനും ആത്മാവാണ് പതിതരെ പാവനമാക്കി മാറ്റാൻ എനിക്ക് തീർച്ചയായും ശരീരം ആവശ്യമാണ്. ഇല്ലെങ്കിൽ എങ്ങനെ സംസാരിക്കും. ഞാൻ ചൈതന്യമാണ്, സത്യമാണ്, അമരനുമാണ്. സതോ, രജോ, തമോ അവസ്ഥകളിലേയ്ക്ക് ആത്മാവാണ് വരുന്നത്. പതിതമായി മാറുന്നതും ആത്മാവുതന്നെയാണ്, പാവനമായി മാറുന്നതും ആത്മാവുതന്നെയാണ്. ആത്മാവിൽ തന്നെയാണ് മുഴുവൻ സംസ്ക്കാരങ്ങളുമുള്ളത്. ഭൂതകാലത്തെ കർമ്മത്തിന്റെ അല്ലെങ്കിൽ വികർമ്മത്തിന്റെ സംസ്ക്കാരം ആത്മാവ് കൊണ്ടുവരുന്നു. സത്യയുഗത്തിൽ വികർമ്മം ഉണ്ടാകില്ല, കർമ്മം ചെയ്യും, പാർട്ട് അഭിനയിക്കും. പക്ഷേ ആ കർമ്മം അകർമ്മമായിരിക്കും. ഗീതയിലും ഈ വാക്കുണ്ട്. ഇപ്പോൾ നിങ്ങൾ പ്രാക്ടിക്കലായി മനസ്സിലാക്കുകയാണ്. അറിയാം ബാബ വന്നിരിക്കുകയാണ് പഴയ ലോകത്തെ മാറ്റി പുതിയ ലോകമുണ്ടാക്കാൻ, അവിടെ കർമ്മം അകർമ്മമായിരിക്കും. അതിനെയാണ് സത്യയുഗം എന്നു പറയുന്നത് പിന്നെ ഇവിടെ കർമ്മങ്ങൾ വികർമ്മമായി മാറുന്നു ഇതിനെ കലിയുഗം എന്നു പറയുന്നു. നിങ്ങൾ ഇപ്പോൾ സംഗമത്തിലാണ്. ബാബ രണ്ടുഭാഗത്തുമുള്ള കാര്യങ്ങൾ കേൾപ്പിക്കുന്നു. ഓരോരോ കാര്യങ്ങളേയും വളരെ നല്ലരീതിയിൽ മനസ്സിലാക്കൂ- അച്ഛനും ടീച്ചറും എന്താണ് മനസ്സിലാക്കിത്തന്നത്? ശരി, ബാക്കിയുള്ളത് ഗുരുവിന്റെ കർത്തവ്യമാണ്, പതിതരെ പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞാണ് ബാബയെ വിളിച്ചതുതന്നെ. ആത്മാവ് പാവനമായി മാറുന്നു പിന്നീട് ശരീരവും പാവനമാകുന്നു. എങ്ങനെയാണോ സ്വർണ്ണം അതുപോലെയാണ് ആഭരണം ഉണ്ടാവുക. 24 കാരറ്റിന്റെ സ്വർണ്ണം എടുത്ത് അതിൽ കലർപ്പ് ചേർത്തുന്നില്ലെങ്കിൽ ആഭരണവും അത്രയും സതോപ്രധാനമായിരിക്കും. കലർപ്പ് ചേർക്കുന്നതിലൂടെ പിന്നെ തമോപ്രധാനമായി മാറുന്നു എന്തുകൊണ്ടെന്നാൽ അഴുക്ക് ചേർന്നില്ലേ. ആദ്യം ഭാരതം 24 കാരറ്റിന്റെ പക്കാ സ്വർണ്ണപക്ഷിയായിരുന്നു അർത്ഥം സതോപ്രധാനമായ പുതിയ ലോകമായിരുന്നു പിന്നീട് ഇപ്പോൾ തമോപ്രധാനമാണ്. ആദ്യം പവിത്രമായ സ്വർണ്ണമായിരുന്നു. പുതിയ ലോകം പവിത്രമാണ്, പഴയ ലോകം അപവിത്രവും. അഴുക്ക് പുരളുന്നു. ഇത് ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത് ബാക്കി ഒരു മനുഷ്യ ഗുരുക്കന്മാർക്കും ഇത് അറിയില്ല. വന്ന് പാവനമാക്കി മാറ്റൂ എന്നു പറഞ്ഞ് വിളിക്കുന്നുണ്ട്. വാനപ്രസ്ഥ അവസ്ഥയിൽ മനുഷ്യരെ ഗൃഹസ്ഥത്തിൽ നിന്നും മാറ്റി നിർത്തുക എന്നത് സദ്ഗുരുവിന്റെ ജോലിയാണ്. അതിനാൽ ഈ മുഴുവൻ ജ്ഞാനവും ഡ്രാമാപ്ലാൻ അനുസരിച്ച് ബാബ തന്നെയാണ് വന്ന് നൽകുന്നത്. ബാബ മനുഷ്യസൃഷ്ടിയുടെ ബീജരൂപമാണ്. ബാബ തന്നെയാണ് മുഴുവൻ വൃക്ഷത്തിന്റെയും ജ്ഞാനം നൽകുന്നത്. ശിവബാബയുടെ പേര് സദാ ശിവൻ എന്നു തന്നെയാണ്. ബാക്കി ആത്മാക്കൾ എല്ലാവരും വരുന്നത് പാർട്ട് അഭിനയിക്കാനാണ്, അതിനാൽ ഭിന്ന ഭിന്ന നാമങ്ങൾ ധാരണ ചെയ്യുന്നു. ബാബയെ വിളിക്കുന്നുണ്ട് പക്ഷേ ബാബയെ അറിയുന്നില്ല- ബാബ എങ്ങനെയാണ് ഭാഗ്യശാലീ രഥത്തിൽ വരുന്നത് നിങ്ങളെ പാവനലോകത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നത് എന്നൊന്നും അറിയില്ല. അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ് ഞാൻ ബ്രഹ്മാ ശരീരത്തിൽ വരുന്നു, അതും വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ, പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നു. രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുന്നതിനായി ഈ ഭാഗ്യശാലീ രഥത്തിൽ പ്രവേശിക്കേണ്ടതായുണ്ട്. ആദ്യ നമ്പറിലാണ് കൃഷ്ണൻ. കൃഷ്ണനാണ് പുതിയ ലോകത്തിന്റെ അധികാരി. പിന്നീട് കൃഷ്ണൻ തന്നെയാണ് താഴേയ്ക്ക് ഇറങ്ങുന്നത്. സൂര്യവംശി, ചന്ദ്രവംശി പിന്നീട് വൈശ്യവംശി, ശൂദ്രവംശിയാകുന്നു പിന്നെ ബ്രഹ്മാവംശിയാവുന്നു. ഗോൾഡനിൽ നിന്നും സിൽവർ......... വീണ്ടും നിങ്ങൾ ഇരുമ്പിൽ നിന്നും സ്വർണ്ണമാവുകയാണ്. ബാബ പറയുന്നു അച്ഛനായ എന്നെ മാത്രം ഓർമ്മിക്കൂ. ഞാൻ ആരിലാണോ പ്രവേശിച്ചത്, അവരുടെ ആത്മാവിൽ ഈ ജ്ഞാനം അല്പം പോലും ഉണ്ടായിരുന്നില്ല. ഇദ്ദേഹത്തിൽ ഞാൻ പ്രവേശിക്കുന്നു, അതിനാലാണ് ഇദ്ദേഹത്തെ ഭാഗ്യശാലീ രഥം എന്നു പറയുന്നത്. സ്വയം പറയുന്നു ഞാൻ ഇദ്ദേഹത്തിന്റെ വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിലാണ് വരുന്നത്. ഗീതയിൽ വാക്കുകൾ കൃത്യമാണ്. ഗീതയെത്തന്നെയാണ് സർവ്വശാസ്ത്ര ശിരോമണീ എന്നു പറയുന്നത്.

ഈ സംഗമത്തിൽ തന്നെയാണ് ബാബ വന്ന് ബ്രാഹ്മണകുലവും ദേവീദേവതാ കുലവും സ്ഥാപിക്കുന്നത്. ബാക്കിയുള്ളവരുടെ കാര്യങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്, ഇവരെക്കുറിച്ചാണ് ഒന്നും അറിയാത്തത്. വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ അതായത് സംഗമത്തിലാണ് ബാബ വരുന്നത്. ബാബ പറയുന്നു ഞാൻ ബീജരൂപമാണ്. കൃഷ്ണൻ സത്യയുഗവാസിയാണ്. കൃഷ്ണനെ മറ്റൊരിടത്തും ആർക്കും കാണാൻ സാധിക്കില്ല. പുനർജന്മത്തിൽ നാമം, രൂപം, ദേശം, കാലം എല്ലാം മാറിയിട്ടുണ്ടാകും. ആദ്യം ചെറിയ കുട്ടി സുന്ദരമായിരിക്കും പിന്നീട് വലുതാകുന്നു പിന്നീട് ആ ശരീരം ഉപേക്ഷിച്ച് രണ്ടാമതെടുക്കുന്നു. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. ഡ്രാമ നിശ്ചിതമാണ്. രണ്ടാമതൊരു

ശരീരത്തിൽ പ്രവേശിക്കുമ്പോൾ അവരെ കൃഷ്ണൻ എന്നു പറയില്ല. ആ രണ്ടാമത്തെ ശരീരത്തിൽ പേര് മുതലായ എല്ലാം വേറെ ആയിരിക്കും. സമയം, രൂപം, തിയതി, ദിവസം എല്ലാം മാറിയിട്ടുണ്ടാകും. വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും അതുപോലെ ആവർത്തിക്കും എന്ന് പറയാറുണ്ട്. അതിനാൽ ഈ ഡ്രാമ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. സതോ, രജോ, തമോയിലേയ്ക്ക് വരുകതന്നെ വേണം. സൃഷ്ടിയുടെ പേര്, യുഗത്തിന്റെ പേര് എല്ലാം മാറിക്കൊണ്ടിരിക്കും. ഇപ്പോൾ ഇത് സംഗമയുഗമാണ്. ഞാൻ വരുന്നതുതന്നെ സംഗമയുഗത്തിലാണ്. ഇത് നമുക്ക് ഉള്ളിന്റെ ഉള്ളിൽ പക്കയാക്കണം. ബാബ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ് ബാബ പിന്നീട് സതോപ്രധാനമായി മാറുന്നതിനുള്ള യുക്തിയും വളരെ നല്ലരീതിയിൽ പറഞ്ഞുതരുന്നു. ഗീതയിലുമുണ്ട് ദേഹസഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. തീർച്ചയായും വീട്ടിലേയ്ക്ക് തിരിച്ചുപോകണം. ഭഗവാന്റെ അടുത്തേയ്ക്ക് പോകുന്നതിനായി ഭക്തിമാർഗ്ഗത്തിൽ എത്ര പരിശ്രമിക്കുന്നു. അതാണ് മുക്തിധാമം. കർമ്മത്തിൽ നിന്നും മുക്തമായി നമ്മൾ നിരാകാരീ ലോകത്തിൽ ചെന്നിരിക്കും. പാർട്ടുധാരി വീട്ടിലേയ്ക്കുപോയാൽ പാർട്ടിൽ നിന്നും മുക്തമായി. എനിക്ക് മുക്തി ലഭിക്കണം എന്ന് എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. പക്ഷേ ആർക്കും മുക്തി ലഭിക്കുകയില്ല. ഈ ഡ്രാമ അനാദിയും അവിനാശിയുമാണ്. അഥവാ ആരെങ്കിലും പറയുകയാണ് ഈ പാർട്ട് അഭിനയിക്കുന്നത് എനിക്ക് ഇഷ്ടമല്ല, പക്ഷേ ഇതിൽ ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. ഇത് അനാദിയായി ഉണ്ടാക്കപ്പെട്ട ഡ്രാമയാണ്. ആർക്കും മുക്തി പ്രാപ്തമാക്കാൻ സാധിക്കില്ല. അതെല്ലാം അനേക പ്രകാരത്തിലുള്ള മനുഷ്യമതങ്ങളാണ്. ഇതാണ് ശ്രീമതം, ശ്രേഷ്ഠമാക്കി മാറ്റുന്നതിനുള്ളത്. മനുഷ്യനെ ശ്രേഷ്ഠം എന്ന് പറയില്ല. ദേവതകളേയാണ് ശ്രേഷ്ഠർ എന്ന് പറയുന്നത്. അവരുടെ മുന്നിൽ എല്ലാവരും നമസ്ക്കരിക്കുന്നു. എങ്കിൽ അവർ ശ്രേഷ്ഠരല്ലേ. പക്ഷേ ഇതും ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് 84 ജന്മങ്ങൾ എടുക്കുകതന്നെ വേണം. ശ്രീകൃഷ്ണൻ ദേവതയാണ്, വൈകുണ്ഠത്തിന്റെ രാജകുമാരൻ. കൃഷ്ണൻ ഇവിടെ എങ്ങനെ വരും. ഗീത കേൾപ്പിച്ചതും കൃഷ്ണനല്ല. കേവലം ദേവത മാത്രമായിരുന്നു അതിനാലാണ് എല്ലാവരും കൃഷ്ണനെ പൂജിക്കുന്നത്. ദേവതകൾ പാവനമാണ്, സ്വയം താനാണ് പതിതം. പറയുന്നുമുണ്ട് നിർഗുണനായ എന്നിൽ ഒരു ഗുണവുമില്ല......... അങ്ങ് ഞങ്ങളെ ഇങ്ങനെയാക്കി മാറ്റൂ. ശിവനു മുന്നിൽ ചെന്ന് ഞങ്ങൾക്ക് മുക്തി നൽകൂ എന്ന് പറയും. ശിവൻ ഒരിയ്ക്കലും ജീവന്മുക്തിയിലേയ്ക്കോ, ജീവതബന്ധനത്തിലേയ്ക്കോ വരുന്നില്ല അതിനാലാണ് ശിവന്റെ മുന്നിൽ ചെന്ന് മുക്തി നൽകൂ എന്നു പറയുന്നത്. ജീവന്മുക്തി നൽകുന്നതും ശിവൻ തന്നെയാണ്.

ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ബാബയുടേയും മമ്മയുടേയും കുട്ടികളാണ്, ബാബയിൽ നിന്നും നമുക്ക് അളവില്ലാത്ത ധനം ലഭിക്കുന്നു. മനുഷ്യരാണെങ്കിൽ അറിവില്ലാതെ യാചിച്ചുകൊണ്ടിരിക്കുകയാണ്. അറിവില്ലാത്തവർ തീർച്ചയായും ദുഃഖിയായിരിക്കില്ലേ. അളവില്ലാത്ത ദുഃഖം അനുഭവിക്കേണ്ടിവരുന്നു. അതിനാൽ ഈ കാര്യങ്ങളെല്ലാം കുട്ടികൾ ബുദ്ധിയിൽ വെയ്ക്കണം. ഒരു പരിധിയില്ലാത്ത അച്ഛനെ അറിയാത്തതുകാരണം പരസ്പരം എത്ര വഴക്കടിക്കുന്നു. അനാഥരായിരിക്കുന്നു. പരിധിയുള്ള അനാഥരാണ് അവർ, എന്നാൽ ഇത് പരിധിയില്ലാത്ത അനാഥത്വമാണ്. ബാബ പുതിയ ലോകം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴുള്ളത് പതിതമായ ആത്മാക്കളുടെ പതിത ലോകമാണ്. പാവനലോകം എന്ന് സത്യയുഗത്തെയാണ് പറയുന്നത്, പഴയലോകം എന്ന് കലിയുഗത്തേയും. എങ്കിൽ ബുദ്ധിയിൽ ഈ മുഴുവൻ കാര്യങ്ങളുമുണ്ടല്ലോ. പഴയ ലോകത്തിന്റെ വിനാശമുണ്ടാകും പിന്നെ പുതിയ ലോകത്തിലേയ്ക്ക് ട്രാൻസ്ഫർ ആവും. ഇപ്പോൾ നമ്മൾ താല്ക്കാലികമായ സംഗമയുഗത്തിൽ നിൽക്കുകയാണ്. പഴയലോകത്തിൽ നിന്നും പുതിയതായി മാറുകയാണ്. പുതിയ ലോകത്തെക്കുറിച്ചും അറിയാം. നിങ്ങളുടെ ബുദ്ധി പുതിയ ലോകത്തിലേയ്ക്ക് പോകണം. ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും ബുദ്ധിയിൽ ഇതുണ്ടാകണം അതായത് നമ്മൾ പഠിപ്പ് പഠിക്കുകയാണ്. ബാബ നമ്മെ പഠിപ്പിക്കുകയാണ്. വിദ്യാർത്ഥികൾക്ക് ഈ കാര്യം ഓർമ്മവേണം എന്നാൽ ആ ഓർമ്മ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണുള്ളത്. ബാബയും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് ഓർമ്മയും സ്നേഹവും നൽകുന്നു. നന്നായി പഠിക്കുന്ന കുട്ടികളെ തീർച്ചയായും ടീച്ചർ കൂടുതൽ സ്നേഹിക്കും. എത്ര വ്യത്യാസമുണ്ടാകുന്നു. ഇപ്പോൾ ബാബ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. കുട്ടികൾ ധാരണ ചെയ്യണം. ഒരു ബാബയുടെ നേർക്കല്ലാതെ മറ്റെവിടേയ്ക്കും ബുദ്ധി പോകരുത്. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ എങ്ങനെ പാപം ഇല്ലാതാകും. മായ അടിക്കടി നിങ്ങളുടെ ബുദ്ധിയോഗം മുറിക്കുന്നു. മായ വളരെ ചതിക്കുന്നു. ബാബ ഉദാഹരണം നൽകുന്നു ഭക്തിമാർഗ്ഗത്തിൽ അദ്ദേഹം ലക്ഷ്മിയുടെ ഒരുപാട് പൂജ ചെയ്തിട്ടുണ്ട്. ചിത്രത്തിൽ ലക്ഷ്മി കാല് തടവുന്നതുകണ്ടപ്പോൾ അതിൽ നിന്നും മുക്തമാക്കിച്ചു. ഭഗവാന്റെ ഓർമ്മയിൽ ഇരിക്കുമ്പോൾ ബുദ്ധി അവിടേയ്ക്കും ഇവിടേയ്ക്കും പോവുകയാണെങ്കിൽ സ്വയം തന്നെ അടിക്കുമായിരുന്നു– ബുദ്ധി എന്തുകൊണ്ടാണ് മറ്റുള്ള കാര്യങ്ങളിലേയ്ക്ക് പോകുന്നത്? അവസാനം വിനാശവും കണ്ടു, സ്ഥാപനയും കണ്ടു.

സാക്ഷാത്ക്കാരത്തിനുള്ള ആഗ്രഹം പൂർത്തിയായി, ഇപ്പോൾ പുതിയ ലോകം വരും, ഞാൻ ഇതായി മാറും എന്നു മനസ്സിലായി. ബാക്കി ഈ പഴയ ലോകത്തിന്റെ വിനാശമുണ്ടാകും. പക്കാ നിശ്ചയം വന്നു. തന്റെ രാജധാനിയുടെ സാക്ഷാത്ക്കാരം ഉണ്ടായി, സ്വർഗ്ഗത്തിന്റെ രാജപദവി ലഭിക്കാൻ പോവുകയാണ് പിന്നെ ഈ രാവണ രാജ്യത്തിൽ ഇനി എന്തുചെയ്യാനാണ്, ഇതാണ് ഈശ്വരീയ ബുദ്ധി. ഈശ്വരൻ പ്രവേശിച്ച് ഈ ബുദ്ധി പ്രവർത്തിപ്പിച്ചു. ജ്ഞാനകലശം മാതാക്കൾക്കാണ് ലഭിക്കുന്നത്, അതിനാൽ മാതാക്കൾക്ക് എല്ലാം നൽകി, നിങ്ങൾ കാര്യങ്ങളെല്ലാം നോക്കൂ, എല്ലാവരേയും പഠിപ്പിക്കൂ. പഠിപ്പിച്ച് പഠിപ്പിച്ച് ഇതുവരെ എത്തി. ഒന്നു രണ്ടുപേരെ കേൾപ്പിച്ച് കേൾപ്പിച്ച് നോക്കൂ ഇപ്പോൾ എത്രപേരായെന്ന്. ആത്മാവ് പവിത്രമായിക്കൊണ്ടിരിക്കുന്നു പിന്നീട് ആത്മാവിന് ശരീരവും പവിത്രമായത് വേണം. മനസ്സിലാക്കുന്നുമുണ്ട് എന്നിട്ടും മായ മറപ്പിക്കുന്നു.

നിങ്ങൾ 7 ദിവസം പഠിക്കൂ എന്നു പറയുമ്പോൾ അവർ പറയും നാളെ വരാമെന്ന്. രണ്ടാമത്തെ ദിവസം മായ നശിപ്പിച്ചിട്ടുണ്ടാകും. വരുന്നതേയില്ല. ഭഗവാൻ പഠിപ്പിക്കുകയാണ് എന്നിട്ടും വന്ന് ഭഗവാനിൽ നിന്നും പഠിക്കുന്നില്ല! പറയുന്നുമുണ്ട്– ങ്ങാ, തീർച്ചയായും വരാം പക്ഷേ മായ പറപ്പിക്കുന്നു. പതിവായി വരാൻ അനുവദിക്കുന്നില്ല. ആരാണോ കല്പം മുമ്പ് പുരുഷാർത്ഥം ചെയ്തത് അവർ തീർച്ചയായും ചെയ്യും വേറെ ഒരു മാർഗ്ഗവുമില്ല. നിങ്ങൾ വളരെ അധികം പുരുഷാർത്ഥം ചെയ്യുന്നു. വലിയ വലിയ മ്യൂസിയങ്ങൾ നിർമ്മിക്കുന്നു. ആരാണോ കല്പം മുമ്പ് മനസ്സിലാക്കിയത് അവരേ മനസ്സിലാക്കൂ. വിനാശം ഉണ്ടാകണം. സ്ഥാപനയും നടന്നുകൊണ്ടിരിക്കുന്നു. ആത്മാവ് പഠിച്ച് ഫസ്റ്റ് ക്ലാസ് ശരീരം എടുക്കും. പ്രധാന ലക്ഷ്യം ഇതുതന്നെയല്ലേ. എന്തുകൊണ്ട് ഈ ഓർമ്മ നിൽക്കുന്നില്ല. ഇപ്പോൾ നമ്മൾ പുതിയ ലോകത്തിലേയ്ക്ക് പോവുകയാണ്, തന്റെ പുരുഷാർത്ഥം അനുസരിച്ച്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം –

1) ബുദ്ധിയിൽ സദാ ഓർമ്മവേണം അതായത് നമ്മൾ അല്പ സമയത്തേയ്ക്ക് സംഗമയുഗത്തിൽ ഇരിക്കുകയാണ്, പഴയ ലോകം വിനാശമായാൽ നമ്മൾ പുതിയ ലോകത്തിലേയ്ക്ക് ട്രാൻസ്ഫറാകും അതിനാൽ പഴയ ലോകത്തിൽ നിന്ന് ബുദ്ധിയോഗത്തെ എടുത്തുമാറ്റണം.

2) സർവ്വ ആത്മാക്കൾക്കും ബാബയുടെ പരിചയം നൽകി കർമ്മം, അകർമ്മം, വികർമ്മം എന്നിവയുടെ ഗുഹ്യഗതി കേൾപ്പിക്കണം, ആദ്യം അല്ലാഹുവിന്റെ പാഠം പക്കയാക്കിക്കണം.

## വരദാനം: ശ്രേഷ്ഠ പ്രാപ്തികളുടെ പ്രത്യക്ഷ ഫലത്തിലൂടെ സദാ സന്തുഷ്ടമായിരിക്കുന്ന എവർഹെൽത്തിയായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ ഇപ്പോഴിപ്പോൾ ചെയ്തു, ഇപ്പോഴിപ്പോൾ ശ്രേഷ്ഠ പ്രാപ്തിയുടെ അനുഭൂതിയുണ്ടായി ഇതാണ് പ്രത്യക്ഷഫലം. ഏറ്റവും ശ്രേഷ്ഠഫലമാണ് സമീപതയുടെ അനുഭവമുണ്ടാകുക. ഇന്നത്തെക്കാലത്ത് സാകാരലോകത്ത് പറയുന്നു പഴം കഴിക്കൂ എങ്കിൽ ആരോഗ്യമായിരിക്കും. ആരോഗ്യശാലിയായിരിക്കാനുള്ള വസ്തുവായി പഴത്തെ പറയുന്നു. താങ്കൾ കുട്ടികൾ ഓരോ സെക്കന്റും പ്രത്യക്ഷഫലം കഴിച്ചു കൊണ്ടുതന്നെയിരിക്കുന്നു. അതിനാൽ സദാ ആരോഗ്യശാലി തന്നെയാണ്. അഥവാ താങ്കളോട് ആരെങ്കിലും വിശേഷം ചോദിക്കുകയാണ് എന്താണ് നിങ്ങളുടെ അവസ്ഥ എന്ന്, അപ്പോൾ പറയൂ മാലാഖമാരുടെ സ്ഥിതിയും സന്തുഷ്ടമായ അവസ്ഥയുമാണ്.

## സ്ലോഗൻ:– സർവ്വരുടെയും ആശീർവാദങ്ങളുടെ ഖജനാവിനാൽ സമ്പന്നമാകു എങ്കിൽ പുരുഷാർത്ഥത്തിൽ പരിശ്രമിക്കേണ്ടി വരില്ല.